കേന്ദ്രത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ കെട്ടിടങ്ങളുടെ പണി നടന്നുവരുന്നു. വഴി തർക്കം നിലനിൽക്കുന്നതിനാൽ അതിർത്തികളിൽ വേലി കെട്ടി സംരക്ഷിക്കുന്ന പ്രവർത്തി തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ ഡി.ഒ.ഡബ്ല്യൂ.ഡി. പദ്ധതി പ്രകാരമുള്ള "വിജ്ഞാന വ്യാപനത്തിനും പരിശീലനത്തിനുമുള്ള കൃഷി വന മാതൃക" എന്ന പദ്ധതിയും എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ. പദ്ധതി പ്രകാരം "നീർമറി പ്രദേശത്തിന്റെ വികസനം" എന്ന പദ്ധതിയും മഞ്ചേശ്വരം കൃഷി വിജ്ഞാന കേന്ദ്രത്തിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. കൃഷി, വനശാസ്ത്രം, മത്സ്യം, കാർഷിക എഞ്ചിനീയറിംഗ് തുടങ്ങിയ വിജ്ഞാന മേഖലകളിൽ പരിശീലന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഫാം ഉപദേശക സമിതികേന്ദ്രമായും കീട പ്രതിരോധ കേന്ദ്രമായും ഈ കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

(സി) ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി നടപ്പു വർഷം 12.91 ലക്ഷം രൂപയും നിർമ്മാണപ്രവർത്തനങ്ങൾക്കായി 48 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

102 (420) മണ്ഡരി രോഗബാധ

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേരവൃക്ഷങ്ങളെ ബാധിച്ച മണ്ഡരി രോഗം നിയന്ത്രണ വിധേയമായോ എന്നറിയിക്കുമോ;

(ബി) രോഗബാധ തടയുന്നതിനും ഒഴിവാക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) രോഗഭീഷണി കണക്കിലെടുത്ത് ഏതു സമയത്തും ലഭ്യമാകത്തക്കവിധം ജൈവകീടനാശിനികളുടെ ഉൽപ്പാദനവും കരുതിവെയ്പും സാദ്ധ്യമാക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മണ്ഡരി കീടം നിയന്ത്രിക്കുന്നതിനായി എല്ലാ ജില്ലകളിലും മരുന്നുതളി ഊർജ്ജിതമായി നടന്നു വരുന്നു.

(ബി) കീടബാധ നിയന്ത്രണ വിധേയമാക്കുന്നതിന് സാമൂഹ്യാടിസ്ഥാനത്തിൽ മരുന്നുതളി പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) സഹകരണസംഘങ്ങളിൽ ആവശ്യത്തിന് കരുതി വയ്ച്ചിട്ടുണ്ട്.

103 (421) മണ്ഡരി ബാധ

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി ബാധയുടെ ഫലമായി എത്ര കോടി രൂപയുടെ നഷ്ടമാണ് നാളികേര കർഷകർക്കുണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(ബി) രോഗപ്രതിരോധത്തിനായി എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly